# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2062 22.01.2014-ൽ മറുപടിയ്ക്ക്

## കേസുകൾ സി.ബി.ഐ. അന്വേഷണത്തിന് വിടുന്നതിന്റെ മാനദണ്ഡം

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ.ജെയിംസ് മാത്യു
ശ്രീ.എസ് ശർമ്മ
ഡോ.ടി.എം.തോമസ് ഐസക്

**ഉത്തരം**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന പോലീസ് അന്വേഷിച്ച് കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകൾ പിന്നീട് സി.ബി.ഐ അന്വേഷണത്തിന് വിടുന്നത് സംബന്ധിച്ച സർക്കാർ നിലപാടും മാനദണ്ഡവും വ്യക്തമാക്കാമോ;

(ബി) രാഷ്ട്രീയ നേതാക്കൾ ആരോപിതരോ പ്രതികളോ ആയ എല്ലാതരം കേസുകളും, സി.ബി.ഐ ക്ക് വിടുക എന്ന നയം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇത്തരത്തിൽ കുറ്റപത്രം സമർപ്പിക്കപ്പെട്ട എത്ര കേസുകൾ നിലവിലുണ്ട്;

(സി) കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകളിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് രാഷ്ട്രീയപ്രേരിതമായി ലഭിക്കുന്ന ഹർജികളിന്മേൽ സ്വീകരിക്കുന്ന നടപടികൾ എന്താണ്; ഇത്തരത്തിലുള്ള എത്ര ഹർജികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്;ഇതിൽ സി.ബി.ഐ ക്ക് വിട്ട കേസുകൾ എത്ര; വിശദമാക്കാമോ;

(എ), (ബി), (സി) & (ഡി) സംസ്ഥാന പോലീസ് അന്വേഷിച്ച് കുറ്റപത്രം കോടതികളിൽ സമർപ്പിക്കപ്പെട്ട കേസുകളിൽ പുതിയതായി ലഭിക്കുന്ന തെളിവുകൾ കണക്കിലെടുത്തും അതാതു കേസുകളുടെ സ്വഭാവം പരിഗണിച്ചും ഒരു സ്വതന്ത്ര ഏജൻസി തുടരന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടാൽ CrPC 173(8) വകുപ്പ് പ്രകാരം തുടരന്വേഷണം നടത്തുവാൻ, അത്തരം കേസുകൾ സി.ബി.ഐ ക്ക് വിടാറുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൗരവവും കേസുകളുടെ സ്വഭാവവും കേസ് അന്വേഷണ ഏജൻസികൾ ശേഖരിക്കുന്ന തെളിവുകളുടേയും ആരോപിക്കപ്പെടുന്ന കുറ്റങ്ങളുടേയും വകുപ്പുകളുടേയും അടിസ്ഥാനത്തിലാണ് കേസുകൾ തരംതിരിക്കുന്നത്. ഇത് പുതിയതായി ലഭിച്ച തെളിവുകളുടെയും അതാതുകാലത്തെ സുപ്രീംകോടതി/ ഹൈക്കോടതി വിധികളെ അടിസ്ഥാനമാക്കിയുമാണ്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി ടി.കെ. രജീഷിന്റെ മൊഴിയുടെ

(ഡി) രാഷ്ട്രീയാവശ്യങ്ങൾക്കനുസൃതമായി ഇത്തരം ഹർജികളിൽ നിലപാട് സ്വീകരിക്കുന്നതും ചില കേസുകളെ മുൻനിർത്തി, രാഷ്ട്രീയ പ്രേരിതമായി ഉണ്ടാകുന്ന സമ്മർദ്ദങ്ങൾക്ക് സർക്കാർ വഴങ്ങുന്നതും ശരിയാണോ; കേരള ഹൈക്കോടതി തന്നെ ഇത്തരം നിലപാടുകളെ വിമർശിച്ചതായി അറിയാമോ?

അടിസ്ഥാനത്തിൽ കെ.ടി.ജയകൃഷ്ണൻ മാസ്റ്റർ വധക്കേസ് പുനരന്വേഷണം നടത്തുന്നതിനായി സി.ബി.ഐ യ്ക്ക് കൈമാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ജയകൃഷ്ണൻ മാസ്റ്ററുടെ മാതാവും, ഷുക്കൂർ വധക്കേസ് സി.ബി.ഐ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ടിയാന്റെ മാതാവും, ടി.പി. ചന്ദ്രശേഖരൻ വധത്തിനു പിന്നിലെ ഗൂഡാലോചന സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് ടിയാന്റെ വിധവയും സർക്കാരിന് ഹർജികൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ജയകൃഷ്ണൻ മാസ്റ്റർ വധക്കേസും ഷുക്കൂർ വധക്കേസും അന്വേഷണത്തിനായി സി.ബി.ഐ യ്ക്ക് കൈമാറിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കുണ്ടാർ ബാലൻ, രാമഭദ്രൻ, സത്നംസിങ്ങ് എന്നിവരുടെ കൊലപാതകവുമായി ബന്ധപ്പെട്ട കേസുകൾ സി.ബി.ഐ ക്ക് കൈമാറണമെന്ന് ആവശ്യപ്പെട്ട് ഹർജികൾ ലഭിച്ചതിന്റെയടിസ്ഥാനത്തിൽ സി.ബി.ഐ അന്വേഷണം നടത്തുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായെങ്കിലും ടി ആവശ്യം കേന്ദ്ര സർക്കാർ നിരസിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ